# മതമൈത്രിയുടെ മഹാസന്ദേശം

## ആലുവ സർവമതസമ്മേളനം ലഘുചരിത്രം





ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

# മതമൈത്രിയുടെ മഹാസന്ദേശം

## ആലുവ സർവമതസമ്മേളനം ലഘുചരിത്രം

# മതമൈത്രിയുടെ മഹാസന്ദേശം

**ആലുവ സർവമതസമ്മേളനം ലഘുചരിത്രം**

എഡിറ്റർ
**ടി.വി. സുഭാഷ് ഐ.എ.എസ്**
അഡീഷണൽ എഡിറ്റർ
**സലിൻ മാങ്കുഴി**
ഡപ്യൂട്ടി എഡിറ്റർ
**കെ.പി. സരിത**
എഡിറ്റർ - ഇൻ - ചാർജ്
**കെ.എസ്. ഇന്ദുശേഖർ**
അസിസ്റ്റന്റ് എഡിറ്റർ
**പ്രഭാത് നായർ**
സർക്കുലേഷൻ ഓഫീസർ
**മെർലിൻ ജെ.എൻ.**
കവർ & ലേഔട്ട്
**ദീപക് മൗത്താട്ടിൽ**
വര
**വി.എസ്. പ്രകാശ്**
ടൈപ്പ് സെറ്റിങ്
**വിനിത വി. എസ്**

ഉള്ളടക്കം/ഗവേഷണം
**പ്രൊഫ.വി. കാർത്തികേയൻ നായർ**

അച്ചടി
**കേരള ബുക്ക്സ് ആൻഡ് പബ്ളിക്കേഷൻ സൊസൈറ്റി,**
**കൊച്ചി – 30**

കോപ്പി: 1000
സൗജന്യ വിതരണത്തിന്

# സന്ദേശം



ശ്രീനാരായണഗുരുവിന്റെ നേതൃത്വത്തിൽ 1924ൽ ആലുവയിൽ നടന്ന സർവമത സമ്മേളനത്തിന്റെ ശതാബ്ദി വർഷമാണിത്. മനുഷ്യർ ജാതിവിവേചനത്തിന്റെ നിഷ്ഠൂരത യിലും പ്രാകൃതമായ ആചാരങ്ങളിലും മതവിദ്വേഷത്തിലും ഞെരിഞ്ഞമർന്നിരുന്ന കാലത്താണ് മതങ്ങൾ തമ്മിലുള്ള ആരോഗ്യകരമായ സംവാദമെന്ന സന്ദേശം ഉയർത്തി ഗുരുവിന്റെ നിർദേശപ്രകാരം സർവ്വമത സമ്മേളനം വിളിച്ചുചേർത്തത്.

‘വാദിക്കാനും ജയിക്കാനുമല്ല അറിയാനും അറിയിക്കാനു മാണ് എന്ന പ്രഖ്യാപനത്തോടെ ചേർന്ന ആലുവ സർവ്വമത സമ്മേളനം അക്കാലത്തെ ഏറ്റവും വലിയ സാമൂഹിക ഇടപെടലായിരുന്നു. എല്ലാ മതങ്ങളുടെയും സാരാംശം ഒന്നുതന്നെയാണെന്ന് ജനങ്ങൾക്ക് മനസ്സിലാക്കി ക്കൊടുക്കുകയായിരുന്നു ഈ സമ്മേളനത്തിന്റെ ലക്ഷ്യം. മതമൈത്രിയുടെ മഹത്തായ സന്ദേശം മുന്നോട്ടു വച്ച ഈ സമ്മേളനത്തിന്റെ സ്മരണ പുതുക്കേണ്ടത് ഈ കാലഘട്ട ത്തിന്റെ ആവശ്യമാണ്.

ആലുവസമ്മേളനത്തിന് ഒരു നൂറ്റാണ്ട് തികയുന്ന വേളയിൽ വിവര പൊതുജനസമ്പർക്ക വകുപ്പ് പ്രസിദ്ധീകരിക്കുന്ന ‘മതമൈത്രിയുടെ മഹാസന്ദേശം’ എന്ന ലഘുപുസ്തകത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**

മുഖ്യമന്ത്രി

# ആശംസ



കേരളത്തെ ദൈവത്തിന്റെ നാട് എന്ന് വിളിക്കുന്നത് നമ്മൾ ഉയർത്തിപ്പിടിക്കുന്ന മാതൃകാപരമായ സാഹോദര്യവും സമഭാവനയും കൊണ്ടാണ്. എല്ലാ മതവിഭാഗങ്ങളും ഏകോദരസഹോദരങ്ങളെ പോലെ കഴിയുന്ന നാടാണ് നമ്മുടേത്. നവോത്ഥാനനായകർ നമുക്ക് കാണിച്ചുതന്ന വഴി എല്ലാവരും സഹോദരർ ആണെന്നതാണ്. ശ്രീനാരായണ ഗുരുവിന്റെ നേതൃത്വത്തിൽ 1924 മാർച്ച് 2 , 3 തീയതികളിൽ ആലുവയിൽ നടന്ന സർവമത സമ്മേളനത്തിന്റെ ശതാബ്ദി വിപുലമായ രീതിയിൽ സർക്കാർ ആഘോഷിക്കുകയാണ്. സർവമത സമ്മേളനത്തിന്റെ സ്മരണയിൽ മതസൗഹാർദത്തിന്റെയും മതസമന്വയത്തിന്റെയും സന്ദേശം എല്ലാ ഹൃദയങ്ങളിലും എത്തിക്കുന്നതിനും പുതുതലമുറയ്ക്ക് അവ പകർന്നു നൽകുന്നതിനുമായി ഏഴു ജില്ലകളിലാണ് ശതാബ്ദിയാഘോഷങ്ങൾ സംഘടിപ്പിക്കുന്നത്.

2023 ഫെബ്രുവരി 17 ചെമ്പഴന്തിയിൽ ഉദ്ഘാടനവും തുടർന്ന് കൊല്ലം, കോട്ടയം, ചെങ്ങന്നൂർ, കൊല്ലങ്കോട്, പയ്യന്നൂർ എന്നിവിടങ്ങളിലും മാർച്ച് 10 ന് ആലുവയിൽ സമാപനവും എന്ന രീതിയിലാണ് ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നത്. വിവിധ മത സാമുദായിക നേതാക്കന്മാർ, പൊതുപ്രവർത്തകർ, സാംസ്കാരിക നായകർ തുടങ്ങി സമൂഹത്തിന്റെ വിവിധതുറകളിലുള്ളവരുടെ പങ്കാളിത്തം സർവമത സമ്മേളനത്തിന്റെ ശതാബ്ദിയാഘോഷങ്ങളിലുണ്ടാകും. നമ്മൾ തിരികെടാതെ കാത്തുസൂക്ഷിച്ച മഹത്തായ സാഹോദര്യവും മതേതരമൂല്യങ്ങളും നമുക്ക് നഷ്ടപ്പെടുവാൻ പാടില്ല. വർഗീയതയുടെ അന്ധകാരം നാട്ടിൽ പടരുവാൻ നമ്മൾ അനുവദിക്കരുത്. നമ്മുടെ ഓരോരുത്തരുടെയും കടമയാണത്. ശ്രീനാരായണഗുരുവിന്റെയും സർവമതസമ്മേളനത്തിന്റെയും സന്ദേശങ്ങൾ നമ്മുടെ സാഹോദര്യം ഉയർത്തിപ്പിടിക്കാൻ പ്രചോദനമാകട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവം.

**സജി ചെറിയാൻ**

ഫിഷറീസ്, സാംസ്കാരിക,
യുവജനക്ഷേമ വകുപ്പ് മന്ത്രി

# ആമുഖം



വാദിക്കാനും ജയിക്കാനുമല്ല അറിയാനും അറിയിക്കാനുമാണ് എന്ന മഹത്തായ സന്ദേശം ഉയർത്തിയ ആലുവ സർവമതസമ്മേളനത്തിന് ഒരു നൂറ്റാണ്ട് തികയുകയാണ്. മതങ്ങൾ തമ്മിലുള്ള സംവാദത്തിന്റെയും മതമൈത്രിയുടെയും ചിരന്തനപ്രസക്തിയാണ് ശ്രീനാരായണഗുരുവിന്റെ നേതൃത്വത്തിൽ നടന്ന സമ്മേളനം മുന്നോട്ടുവയ്ക്കുന്നത്. ആലുവസമ്മേളനത്തിന്റെ ശതാബ്ദിവേളയിൽ മതമൈത്രിയുടെ മഹാസന്ദേശം എന്ന ലഘുപുസ്തകം പ്രസിദ്ധീകരിക്കാനായതിൽ വകുപ്പിന് സന്തോഷമുണ്ട്. എല്ലാ വിഭാഗം വായനക്കാർക്കും പുസ്തകം പ്രയോജനപ്പെടുമെന്ന് പ്രത്യാശിക്കുന്നു.

**ടി.വി. സുഭാഷ് ഐ.എ.എസ്**

ഡയറക്ടർ,
ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്



സമ്മേളനത്തിൽ പങ്കെടുത്തവർ ഗുരുവിനോടൊപ്പം

# മതമൈത്രിയുടെ മഹാസന്ദേശം


'**വാ**ദിക്കാനും ജയിക്കാനുമല്ല അറിയാനും അറിയിക്കാനുമാണ്' എന്ന ലക്ഷ്യം പ്രഖ്യാപിച്ചുകൊണ്ട് ശ്രീനാരായണ ഗുരുവിന്റെ നേതൃത്വത്തിൽ ആലുവ അദ്വൈതാശ്രമത്തിൽ വിളിച്ചുചേർത്ത സർവമത സമ്മേളനത്തിന്റെ ശതാബ്ദി എത്തിയിരിക്കുകയാണ്. ഈ സമ്മേളനം കഴിഞ്ഞ് ഒരു മാസത്തിനുശേഷം ഗുരുവിന്റെ അറിവും സമ്മതത്തോടും കൂടി നടന്ന വൈക്കം സത്യഗ്രഹത്തിന്റെ ശതാബ്ദിയും ആചരിച്ചുവരികയാണ്. സർവമതസമ്മേളനം ദാർശനിക ചർച്ചയും വൈക്കം സത്യഗ്രഹം പ്രായോഗിക പ്രവർത്തനവും ആയിരുന്നു. ഒരു നാണയത്തിന്റെ രണ്ടുവശങ്ങൾ. ദാർശനിക പിൻബലമില്ലാത്ത പ്രായോഗിക പ്രവർത്തനവും പ്രയോഗക്ഷമമല്ലാത്ത ചിന്താപദ്ധതിയും കാലഹരണപ്പെട്ടു പോകുമെന്ന ലോകതത്വം സർവമതസമ്മേളനത്തിലും വൈക്കംസത്യഗ്രഹത്തിലും നേതൃത്വപരമായ പങ്കുവഹിച്ച ശ്രീനാരായണഗുരു സ്വജീവിതത്തിലൂടെ തെളിയിക്കുകയായിരുന്നു. ഈ രണ്ടു പരിപാടികളുടെയും വിജയത്തിനായി ഗുരു ചുമതലപ്പെടുത്തിയത് വിശ്വസ്ത ശിഷ്യനായ സ്വാമി സത്യവ്രതസ്വാമികളെ ആയിരുന്നു.

അരുവിപ്പുറം പ്രതിഷ്ഠക്കുശേഷമുള്ള മൂന്നര പതിറ്റാണ്ടു കാലം ആ പ്രതിഷ്ഠയുടെ സന്ദേശമായി എഴുതിവച്ചിരുന്ന മഹദ്തത്വത്തിന്റെ കാതൽ ശിഷ്യരെയും സമുദായക്കാരെയും താനുമായി സംവദിച്ച ഇതരസമുദായക്കാരെയും മതസ്ഥരെയും ബോധ്യപ്പെടുത്താനുള്ള യജ്ഞത്തിൽ ആയിരുന്നു ഗുരു ഏർപ്പെട്ടത്. 'ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്'എന്നാണ്

അരുവിപ്പുറം പ്രതിഷ്ഠയ്ക്ക് ചുവട്ടിൽ എഴുതിവച്ചത്. ആ തത്വം സ്വസമുദായക്കാരെ ബോധ്യപ്പെടുത്താനും ആ സമുദായത്തിനുള്ളിൽ നിലനിന്നിരുന്ന അനാചാരങ്ങൾ അവസാനിപ്പിക്കാനും ഇതരസമുദായക്കാരെ മാനവികതയിലേക്ക് നയിക്കാനും വേണ്ടിയായിരുന്നു എസ്എൻഡിപി യോഗം എന്ന സംഘടന സ്ഥാപിച്ചത്. കേരളത്തിൽ നിലനിന്നിരുന്ന ജാതി ജന്മി നാടുവാഴിവ്യവസ്ഥ അടിച്ചേൽപ്പിച്ച വിവേചനവും അവകാശനിഷേധവും അവസാനിപ്പിക്കാനുള്ള കർമ്മസേന എന്നുള്ള നിലയ്ക്കാണ് ആ സംഘടന സ്ഥാപിതമായത്. സമരം സന്യാസിമാരുടെ ദൗത്യം അല്ലാത്തതുകൊണ്ടാണ് പ്രത്യക്ഷസമരത്തിൽ നിന്ന് ഗുരു ഒഴിഞ്ഞുനിന്നതും അതിനു സന്നദ്ധരായ അനുയായികളെ അനുഗ്രഹിച്ചതും അനുവദിച്ചതും.

ഗുരുവിന്റെ 32-ാം വയസ്സിലാണ്, അതായത് തീക്ഷ്ണ യൗവനത്തിലാണ്, അരുവിപ്പുറം പ്രതിഷ്ഠ നടത്തുന്നത്. കാൽനൂറ്റാണ്ട് കഴിഞ്ഞിട്ടും അതിന്റെ സന്ദേശം സംഘടനാ നേതാക്കൾക്കുപോലും ബോധ്യപ്പെടാത്തത് കൊണ്ടാണ് തന്റെ അറുപതാം വയസ്സിൽ ജാതിയില്ല വിളംബരം പ്രസിദ്ധീകരിക്കാൻ അദ്ദേഹം നിർബന്ധിതമായത്. 'നാം പ്രത്യേക ജാതിയിലോ മതത്തിലോ ഉൾപ്പെടുന്നില്ല. എന്നിട്ടും ചില വർഗ്ഗക്കാർ നമ്മെ അവരുടെ വർഗ്ഗത്തിൽ പെട്ടതായി കരുതുകയും പ്രവർത്തിക്കുകയും ചെയ്തു വരുന്നതിനാൽ നമ്മുടെ വാസ്തവത്തിനു വിരുദ്ധമായ ധാരണയുണ്ടാകാൻ ഇടയായിരിക്കുന്നു' എന്നാണ് ആലുവ അദ്വൈതാശ്രമത്തിൽ നിന്നും പ്രസിദ്ധീകരിച്ച വിളംബരത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ശ്രീരാമകൃഷ്ണാശ്രമത്തിന്റെ പ്രസിദ്ധീകരണമായ 'പ്രബുദ്ധകേരളത്തിൽ' അത് അച്ചടിച്ചു വരികയും ചെയ്തു. സഹപ്രവർത്തകർക്ക് പോലും തന്റെ സന്ദേശം മനസ്സിലാക്കാൻ കഴിയാത്തതിൽ ഉള്ള പ്രതിഷേധമാണ് ഈ വിളംബരത്തിൽ പ്രതിഫലിക്കുന്നത്.


പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കേരളത്തിൽ പൊതുവിലും തിരുവിതാംകൂറിൽ പ്രത്യേകിച്ചും



വളർന്നുവന്ന അഭ്യസ്തവിദ്യരായ ബുദ്ധിജീവികൾ ആണ് ജഡീഭൂതമായ ജാതി ജന്മിവ്യവസ്ഥയുടെ കേരളീയതയിൽ നിന്നും കേരളീയ ആധുനികതയ്ക്ക് ജന്മം നൽകുന്നത്. സന്യാസി ശ്രേഷ്ഠരായ ചട്ടമ്പിസ്വാമികളുടെയും ശ്രീനാരായണഗുരുവിന്റെയും സന്ദേശം ജനങ്ങളിൽ എത്തിച്ചതും ആധുനികതയുടെ പതാകവാഹകരായി വർത്തിച്ചതും ഈ ബുദ്ധിജീവികൾ ആയിരുന്നു. പത്രപ്രവർത്തനത്തിലൂടെ ഭരണരംഗത്തെ അഴിമതിയെയും സാമൂഹികമായ അനാചാരങ്ങളെയും അസമത്വത്തെയും പൊതുജനസമക്ഷം അവതരിപ്പിച്ചത് ബുദ്ധിജീവികൾ ആയിരുന്നു. അവർ ഉയർത്തിക്കൊണ്ടുവന്ന പൗരസമത്വവാദത്തിന്റെ പ്രകടിതരൂപം ആയിരുന്നു മലയാളി മെമ്മോറിയലും ഈഴവ മെമ്മോറിയലും. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ ദാസന്മാരായിരുന്ന ഭരണാധികാരികൾക്ക് മൂക്കുകയറിടുന്നതിന് വേണ്ടി സംസ്ഥാനത്തിന് വെളിയിൽ നിന്നുള്ള ഉന്നതജാതിക്കാരായ ഉദ്യോഗസ്ഥരെ മദ്രാസ്

ഗവർണറുടെ നിർദേശപ്രകാരവും ബ്രിട്ടീഷ് റെസിഡന്റിന്റെ ഉപദേശപ്രകാരവും നിയമിക്കുന്നതിൽ പ്രതിഷേധിച്ച് ആയിരുന്നു മെമ്മോറിയലുകൾ സമർപ്പിക്കപ്പെട്ടത്. മെമ്മോറിയലുകാരുടെ ഈ ആവശ്യങ്ങൾ ഭാഗികമായി അംഗീകരിക്കപ്പെട്ടപ്പോൾ ഭരണകൂടം അതിന്റെ സവർണ്ണസ്വഭാവം വെളിപ്പെടുത്തി. അതിനോടുള്ള പ്രതിഷേധം ആയിരുന്നു പൗരസമത്വവാദത്തിനുണ്ടായ ഗുണപരവും വർഗ്ഗപരവുമായ മാറ്റം. ഏകദേശം രണ്ടു പതിറ്റാണ്ടോളം നീണ്ടുനിന്ന ഈ പ്രക്ഷോഭത്തിന് ഇടയിൽ മതപരിവർത്തനമെന്ന ആശയം ശക്തമായി ഉയർന്നുവന്നു. എസ്എൻഡിപി നേതാക്കളിൽ പലരും മതപരിവർത്തനം എന്ന ആശയം ശക്തമായി ഉന്നയിക്കാൻ തുടങ്ങി.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭദശകങ്ങൾ തൊട്ട് എൽ എം എസ്, സി എം എസ്, മാർത്തോമ്മാസഭ എന്നിവകളിലേക്ക് പിന്നാക്കജാതികളിൽപെട്ടവർ മതം മാറുന്നുണ്ടായിരുന്നു. അങ്ങനെ മതം മാറുന്നവർക്ക് വിദ്യാഭ്യാസം, തൊഴിൽപരിശീലന സൗകര്യങ്ങൾ എന്നിവ മിഷണറിമാർ ചെയ്തുകൊടുത്തു. താഴ്ന്ന ജാതിക്കാർക്ക് സർക്കാർ വിദ്യാലയങ്ങളിൽ അയിത്തത്തിന്റെ പേരിൽ പ്രവേശനം നിഷേധിക്കപ്പെട്ടപ്പോൾ മിഷണറിമാരുടെ വിദ്യാലയങ്ങളിൽ അത്തരം വിവേചനങ്ങൾ ഇല്ലായിരുന്നു. മിഷണറിമാരുടെ സമ്മർദ്ദഫലമായി സ്വകാര്യവിദ്യാലയങ്ങൾക്ക് സാമ്പത്തികസഹായം നൽകുന്ന ഏർപ്പാട് ദിവാൻ മാധവറാവുവിന്റെ കാലം മുതൽ നടപ്പിലാക്കിയിരുന്നു. ഗ്രാന്റ് സ്കൂളുകൾ എന്നറിയപ്പെട്ടിരുന്ന അത്തരം സ്ഥാപനങ്ങൾ മുഴുവൻ മിഷണറിമാരുടെ ഉടമസ്ഥതയിൽ ഉള്ളതായിരുന്നു. മറ്റു സംഘടനകളോ വ്യക്തികളോ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം വരെ വിദ്യാലയങ്ങൾ തുടങ്ങിയിരുന്നില്ല. തിരുവിതാംകൂറിൽ അന്നുണ്ടായിരുന്ന മൊത്തം വിദ്യാലയങ്ങളിൽ മുക്കാൽ പങ്കും മിഷണറിമാർ നടത്തുന്നതായിരുന്നു. വിദ്യാഭ്യാസത്തിനായി സർക്കാർ ചെലവാക്കുന്ന പണത്തിന്റെ സിംഹഭാഗവും മിഷണറിമാർ അപഹരിക്കുന്നുവെന്ന ആക്ഷേപം സവർണർ ഉന്നയിക്കുകയും ചെയ്തു. ഹിന്ദു രാഷ്ട്രമായ തിരുവിതാംകൂറിൽ




ക്രൈസ്തവർ പീഡിക്കപ്പെടുന്നു എന്ന ആക്ഷേപം അവർ ബ്രിട്ടീഷ് അധികാരികളെ ധരിപ്പിക്കുന്നുണ്ടായിരുന്നു.

ഏതു ജാതിയിൽപെട്ടവരായിരുന്നാലും ക്രിസ്തുമതത്തിൽ ചേർന്നവർക്ക് വഴി നടക്കുന്നതിനും സർക്കാർ ജോലി ലഭിക്കുന്നതിനും തടസ്സം ഉണ്ടായിരുന്നില്ല. വൈദ്യബിരുദം നേടിവന്ന ഡോക്ടർ പൽപ്പുവിന് തിരുവിതാംകൂറിൽ ജോലി നൽകിയില്ല. ക്രിസ്തുമതം സ്വീകരിച്ച നിരവധിപേർക്ക് അധ്യാപകരായും ഗുമസ്തരായും ജോലി നൽകിയിരുന്നു വൈക്കം ക്ഷേത്രത്തിന്റെ പടിഞ്ഞാറേനടയിലൂടെ സവർണർക്കും ക്രിസ്ത്യാനികൾക്കും മുസ്ലിങ്ങൾക്കും സഞ്ചരിക്കാം. ശ്രീനാരായണഗുരുവിനും അയ്യങ്കാളിയ്ക്കും പറ്റില്ല. ഇത്തരത്തിലുള്ള വിവേചനമാണ് ജനസംഖ്യയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന ഈഴവരെ മതം മാറാൻ പ്രേരിപ്പിച്ചത്. മതം മാറി അവസരങ്ങൾ നേടുകയെന്നതിനേക്കാൾ ഹിന്ദുമതത്തിന് എതിരെയുള്ള പ്രതിഷേധം എന്ന നിലയ്ക്കാണ് പലരും മതപരിവർത്തനത്തെ കണ്ടത്. നെയ്യാറ്റിൻകര താലൂക്കിലെ

ചില സ്ഥലങ്ങളിൽ ഈഴവർ ക്രിസ്തുമതത്തിൽ ചേർന്നു. ഒരേ വീട്ടിൽ തന്നെ വിവേചനം അനുഭവിക്കുന്ന ഹിന്ദുവായ ഈഴവനും വിവേചനം നേരിടേണ്ടതില്ലാത്ത ക്രിസ്ത്യാനിയും ജീവിക്കുന്ന അവസ്ഥയുണ്ടായി. ചേർത്തലയിൽ ചിലർ സിക്കുമതത്തിൽ ചേർന്നു. മുസ്തഫ കെമാൽ തയ്യിലിന്റെ പ്രവർത്തനഫലമായി ചിലർ ഇസ്ലാം മതം സ്വീകരിച്ചു. ജാതിരഹിതമതമായ ബുദ്ധമതത്തിൽ ചിലർ ചേർന്നു. സി വി കുഞ്ഞിരാമനെ പോലുള്ളവർ ബുദ്ധമതത്തിന്റെ അനുയായികൾ അല്ലെങ്കിലും അതിനോട് മതിപ്പുള്ളവരായിരുന്നു.

ഇത്തരത്തിൽ ഒരുഭാഗത്ത് പൗരസമത്വവാദവും മറുഭാഗത്ത് മതപരിവർത്തനവാദവും കൊടുമ്പിരികൊണ്ടിരിക്കുന്ന സമയത്താണ് മലബാർ കലാപം ഉണ്ടാകുന്നത്. കെപിസിസിയും ഖിലാഫത്ത് പ്രസ്ഥാനവും അതിനെ പിന്തുണച്ചിരുന്നുവെങ്കിലും പുറത്ത് പ്രചരിപ്പിക്കപ്പെട്ട വസ്തുതകൾ ബ്രിട്ടീഷ് സർക്കാരിന്റെ ഔദ്യോഗിക ഭാഷ്യങ്ങളായിരുന്നു. അതാകട്ടെ മുസ്ലിം വിരുദ്ധമായ വാർത്തകളായിരുന്നു. ഹിന്ദുക്കളെ നിർബന്ധിച്ച് മതം മാറ്റുന്നു എന്ന വാർത്തകളാണ് പുറത്തുവന്നത്. ജന്മിവിരുദ്ധ കർഷകകലാപം എന്നതിലുപരി അതൊരു ഹിന്ദു-മുസ്ലിം ലഹളയായിട്ടാണ് സർക്കാർ ചിത്രീകരിച്ചത്. അതിനെ സാധൂകരിക്കുന്ന തരത്തിലുള്ള കിംവദന്തികളും പ്രചരിക്കപ്പെട്ടു. ഈ സാഹചര്യത്തിലാണ് ഗുരുവിന്റെ നിർദ്ദേശപ്രകാരം കുമാരനാശാൻ വസ്തുതാന്വേഷണം നടത്തുകയും 'ദുരവസ്ഥ' എന്ന ഖണ്ഡകാവ്യം രചിക്കുകയും ചെയ്തത്. സവർണ്ണജാതിക്കാരിയായ സാവിത്രിക്ക് അഭയം ലഭിച്ചത് പുലയന്റെ കുടിലിൽ ആണ് എന്നും ജാതിക്കവിടെ പ്രസക്തിയില്ല എന്നുമാണ് ആശാൻ സമർത്ഥിക്കാൻ ശ്രമിച്ചത്. എന്നാൽ കവിതയിലെ ഒരു ഭാഗത്ത് ക്രൂരമുസൽമാൻ എന്ന് പ്രയോഗിച്ചത് ചിലരെ അരിശം കൊള്ളിച്ചു. സവർണവാദികൾ ആ പദപ്രയോഗത്തെ അനുകൂലിച്ചു. അടുത്ത പതിപ്പ് ഇറക്കുമ്പോൾ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാം എന്ന് ആശാൻ പറയുകയും ചെയ്തു.

ഏതാണ്ട് ഒരു പതിറ്റാണ്ട് കാലമായി ചർച്ച ചെയ്തുവരുന്ന ഈഴവരുടെ മതപരിവർത്തനപ്രശ്നത്തിനുള്ള മറുപടി എന്ന നിലയ്ക്കാണ് കുമാരനാശാൻ 'മതപരിവർത്തന രസവാദം' എഴുതിയത്. ഹിന്ദു മതത്തിനകത്തെ പ്രശ്നം ജാതി വിവേചനമാണെന്നും ജാതിരഹിതമായ ഒരു മതമായി അതിനെ പരിഷ്കരിക്കണം എന്നുമായിരുന്നു ആശാന്റെ നിലപാട്. എന്നാൽ ഹിന്ദുമതം എന്നൊന്നുണ്ടോ എന്നാണ് ഗുരു ചോദിച്ചത്. സി.വി.കുഞ്ഞുരാമനുമായുള്ള ദീർഘമായ സംഭാഷണത്തിലും മറ്റു പലരുമായിട്ടുള്ള ചർച്ചയിലും ഇക്കാര്യം ഗുരു വ്യക്തമാക്കുന്നുണ്ട്. ബുദ്ധമതത്തെയോ ആസ്തിക-നാസ്തിക മതങ്ങളെയോ അദ്ദേഹം അംഗീകരിക്കുന്നില്ല. അതെല്ലാം ചിന്താപദ്ധതികളാണെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. ഈശ്വരവിശ്വാസത്തെയും മതത്തെയും തമ്മിൽ കൂട്ടിക്കുഴയ്ക്കേണ്ടതില്ല എന്നതായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. ഇന്ത്യയിലെ യഥാർഥ പ്രശ്നം ജാതിയാണെന്ന് അദ്ദേഹം കണ്ടെത്തുന്നു. അതുകൊണ്ടാണ് 'ജാതിഭേദം മതദ്വേഷം എന്നിവകൾ വേണ്ട' എന്ന് അദ്ദേഹം പറയാൻ കാരണം.

ഈഴവജാതിയിൽപ്പെട്ട ചിലർ കുടുംബവഴക്കും സാമൂഹികപ്രശ്നങ്ങളാലും ക്രിസ്തുമതം സ്വീകരിച്ചു. അല്പകാലം കഴിഞ്ഞപ്പോൾ അവർ ക്രിസ്തുമതം ഉപേക്ഷിച്ച് തിരിച്ചെത്തിയപ്പോൾ അവരെ ഹിന്ദുക്കളായ ഈഴവരായി അംഗീകരിക്കാൻ ബന്ധുക്കൾ സമ്മതിച്ചില്ല. പ്രശ്നം പരിഹരിക്കാനായി അവർ ഗുരുവിനെ സമീപിച്ചു. ഹിന്ദുമതം എന്നൊന്നില്ലെന്നും ഉള്ളത് ജാതിയാണെന്നും അദ്ദേഹം പറഞ്ഞു. അതിനാൽ ഈഴവജാതിയിലേക്ക് മതം മാറിയവരെ തിരികെ പ്രവേശിപ്പിക്കണം എന്നദ്ദേഹം നിർദ്ദേശിച്ചു. അപ്രകാരം സംഭവിക്കുകയും ചെയ്തു. മതംമാറ്റം രണ്ടു തരത്തിലുണ്ട്. ബാഹ്യവും ആന്തരികവും. ആന്തരികമായി ഒരു മതത്തെ സ്വീകരിച്ചവൻ അതുമാറാൻ മുതിരുകയില്ല. ബാഹ്യമായ അർഥത്തിൽ മതം എന്നാൽ അഭിപ്രായം എന്നാണർഥം. അഭിപ്രായം മാറുന്നത്

സ്വാഭാവികമാണെന്നും അദ്ദേഹം നിരീക്ഷിച്ചു. മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്ന മതാതീതമായ മാനവിക ചിന്ത അങ്ങനെയാണ് ഗുരു പ്രകടിപ്പിച്ചത്.

'പലമതസാരവുമേകമെന്നു പാരാ-
തുലകിലൊരാനയിലന്ധരെന്നപോലെ
പലവിധയുക്തി പറഞ്ഞു പാമരന്മാ-
രലവതുകണ്ടലയാതമർന്നീടേണം'

അന്ധർ ആനയെ കണ്ടതുപോലെയാണ് പാമരർ മതത്തെ കാണുന്നതെന്നും എല്ലാ മതങ്ങളുടെയും സാരം ഒന്നുതന്നെ യാണെന്നും അദ്ദേഹം സമർത്ഥിച്ചു. ജാതിസമ്പ്രദായത്തെ ക്കുറിച്ചും ഗുരുവിന്റെ അഭിപ്രായം ഇതുതന്നെയായിരുന്നു. മനുഷ്യനിർമ്മിതമാണ് ജാതി എന്നാണ് അദ്ദേഹം സമർത്ഥിച്ചത്. 'ജാതിനിർണ്ണയം' എന്ന കവിതയിൽ അദ്ദേഹം പറയുന്നു.

'ഒരുജാതി,ഒരു മതം, ഒരുദൈവം മനുഷ്യന്
ഒരു യോനിയൊരാകാരമൊരുഭേദവുമില്ലതിൽ
ഒരു ജാതിയിൽ നിന്നല്ലോ പിറന്നീടുന്നു സന്തതി
നരജാതിയിതോർക്കുമ്പോളൊരു ജാതിയിലുള്ളതാം
നരജാതിയിൽ നിന്നത്രേ പിറന്നീടുന്നു വിപ്രനും
പറയൻതാനുമെന്നുള്ളതന്തരം നരജാതിയിൽ '

ജാതി സംബന്ധിച്ച ഗുരുവിന്റെ നിലപാട് പിന്നീട് മഹാത്മാഗാന്ധിയുമായും അദ്ദേഹം പങ്കുവയ്ക്കുന്നുണ്ട് .

മതത്തെ സംബന്ധിച്ചും ജാതിയെ സംബന്ധിച്ചും കഴിഞ്ഞ മൂന്നര പതിറ്റാണ്ടിലേറെക്കാലം അദ്ദേഹം പറഞ്ഞിട്ടും പ്രവർത്തിച്ചിട്ടും ഫലമുണ്ടാകാത്തതുകൊണ്ടാണ് വ്യത്യസ്തമതങ്ങളിൽപെട്ടവരെ ഒരു വേദിയിൽ അണിനിരത്തി പരസ്പരം കേൾപ്പിക്കാനുള്ള അവസരം ഉണ്ടാക്കുന്നതിനായി സർവമതസമ്മേളനം വിളിച്ചു ചേർക്കാൻ ഗുരു നിർദ്ദേശിച്ചത്. ഏറെ നാളായി അദ്ദേഹം ആലോചിച്ചു വരുന്ന കാര്യമായിരുന്നു

അത്. എല്ലാവർഷവും ശിവരാത്രിയോടനുബന്ധിച്ച് ആലുവ മണൽപ്പുറത്ത് മതസമ്മേളനം ചേരാറുണ്ടായിരുന്നു. അത് മിക്കവാറും ഹിന്ദുമതം എന്ന വിശേഷണത്തോടെ ഭാരതീയ ദർശനത്തെപ്പറ്റിയുള്ള പ്രഭാഷണങ്ങൾ ആവുകയാണ് പതിവ്. ശൈവരും വൈഷ്ണവരും കാളിസേവകരും ബൗദ്ധരും ഒക്കെ അക്കൂട്ടത്തിൽ പെടും. ദാർശനികമായി അവരെല്ലാം ജാതിയെ തള്ളി പറഞ്ഞിരുന്നുവെങ്കിലും പ്രായോഗികതലത്തിൽ ജാതിനിർമ്മാർജനത്തിനായി ഒന്നും തന്നെ ചെയ്യാൻ കഴിഞ്ഞിരുന്നില്ല . ജാതിയെ മതമായും മതത്തെ ജാതിയായും അവതരിപ്പിച്ച് ചർച്ചകൾ കൊഴുപ്പിക്കാം എന്നല്ലാതെ അത്തരം മതസമ്മേളനം കൊണ്ട് മറ്റു പ്രയോജനം ഒന്നും ഉണ്ടായില്ല. ഈ സാഹചര്യത്തിലാണ് 1924ലെ ശിവരാത്രിയോട് അനുബന്ധിച്ച് സർവമതസമ്മേളനം വിളിച്ചുചേർക്കാൻ തീരുമാനിച്ചത്.

ലോക സർവമതസമ്മേളനം എന്നാണ് ഉദ്ദേശിച്ചതെങ്കിലും ഇന്ത്യയ്ക്കു വെളിയിൽ നിന്നുള്ള പ്രതിനിധികൾക്ക് പങ്കെടുക്കാനുള്ള പ്രായോഗികവൈഷമ്യം കണക്കിലെടുത്ത് ഇന്ത്യയിൽ നിന്നുള്ളവർക്ക് മാത്രമായി സമ്മേളനം ഒതുക്കി. മൂന്ന് പതിറ്റാണ്ടുകൾക്ക് മുൻപ് ചിക്കാഗോയിൽ സർവമത സമ്മേളനം നടന്നിരുന്നു. അതിൽ പങ്കെടുത്ത് സദസ്യരുടെ കയ്യടി വാങ്ങിയ, ഒരു മതത്തിന്റെയും വക്താവല്ലാത്ത, എന്നാൽ വിശ്വമാനവികനായ സ്വാമി വിവേകാനന്ദൻ ഭാരതീയദർശനത്തെക്കുറിച്ചാണ് സംസാരിച്ചത്. വിശ്വമഹാമതങ്ങൾക്കെല്ലാം അഭയം കൊടുത്ത നാടാണ് ഭാരതം എന്നും അദ്ദേഹം അവിടെ പറഞ്ഞു. അതിനു സമാനമായ കാര്യങ്ങൾ തന്നെയാണ് ആലുവായിലും നടന്നത്.

ആലുവ സർവമത സമ്മേളനത്തിന്റെ പ്രചോദകൻ ഗുരുവായിരുന്നുവെങ്കിലും മുഖ്യ സംഘാടകൻ ഗുരുശിഷ്യനായ സ്വാമി സത്യവ്രതനായിരുന്നു. സഹോദരൻ അയ്യപ്പൻ, സി. വി. കുഞ്ഞുരാമൻ, ടി. കെ. മാധവൻ തുടങ്ങിയ നേതാക്കൾ കാലേക്കൂട്ടി അവിടെയെത്തിയിരുന്നു. സമ്മേളനത്തിന്റെ

കാര്യക്രമം പ്രതിനിധികളുടെ താമസം, ഭക്ഷണം, യാത്ര തുടങ്ങിയ വിശദാംശങ്ങളെല്ലാം നേതാക്കൾ കൂടിയാലോചിച്ച് കുറ്റമറ്റ രീതിയിൽ ശരിയാക്കിയിരുന്നു. രണ്ടുദിവസം നീണ്ടുനിൽക്കുന്ന സമ്മേളനം 1924 മാർച്ചുമാസം 3,4 തീയതികളിലാണ് (1099 കുംഭം 20,21) നടന്നത്. സമ്മേളനം തുടങ്ങുന്നതിന് നാലുദിവസം മുന്നേതന്നെ ഗുരുവും അവിടെയെത്തി. സമ്മേളനത്തിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങളും അവതരിപ്പിക്കേണ്ട കാര്യങ്ങളും ശിഷ്യരും സുഹൃത്തുക്കളുമായി ആലോചിച്ച് തീരുമാനിച്ചു. അതിൽ പ്രധാനം സ്വാഗതപ്രസംഗം ആയിരുന്നു അത് തയ്യാറാക്കുന്നതിന് സ്വാമി സത്യവ്രതനേയും സി വി കുഞ്ഞുരാമനെയും ചുമതലപ്പെടുത്തി അവർ തയ്യാറാക്കിയ കരട് ഗുരു വായിച്ചുനോക്കി ആവശ്യമായ ഭേദഗതികൾ വരുത്തി അന്തിമരൂപം നൽകുകയും അത് വായിക്കുന്നതിന് സ്വാമി സത്യവ്രതനെ ചുമതലപ്പെടുത്തുകയും ചെയ്തു.

തിരുവിതാംകൂർ ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസ് ആയിരുന്ന സർ ടി.സദാശിവ അയ്യരായിരുന്നു അധ്യക്ഷൻ. മഞ്ചേരി രാമയ്യർ, മഞ്ചേരി രാമകൃഷ്ണൻ, സി കൃഷ്ണൻ (മിതവാദി) എന്നിവരും ഉണ്ടായിരുന്നു. ഇവരെല്ലാം കോൺഗ്രസ് പ്രവർത്തകരും ആയിരുന്നു. ആര്യസമാജത്തെ പ്രതിനിധീകരിച്ച് ഋഷിറാം, സിലോണിൽ നിന്ന് ഒരു ബുദ്ധഭിക്ഷു, ബ്രഹ്മസമാജത്തിന്റെ പ്രതിനിധിയായ സ്വാമി ശിവപ്രസാദ്, ഇസ്ലാംമത പ്രതിനിധിയായ മുഹമ്മദ് മൗലവി, ക്രിസ്തുമത പ്രതിനിധിയായ കെ കെ കുരുവിള എന്നിവരാണ് വിവിധ മതങ്ങളെ പ്രതിനിധീകരിച്ച് സമ്മേളനത്തിൽ പങ്കെടുത്തത്. അധ്യക്ഷ വേദിയിൽ തന്നെ ഗുരു ഉണ്ടായിരുന്നു. ഋഷിറാമിന്റെ ഇംഗ്ലീഷിലുള്ള പ്രസംഗം സഹോദരൻ അയ്യപ്പൻ ആണ് പരിഭാഷപ്പെടുത്തിയത്. അവരവരുടെ മതങ്ങളുടെ നിലപാട് ഓരോരുത്തരും ഭംഗിയായി തന്നെ അവതരിപ്പിച്ചു. സമ്മേളനത്തിന്റെ അവസാനം ഗുരു തയ്യാറാക്കിയ ഒരു സന്ദേശം സദസ്സിൽ അവതരിപ്പിച്ചത് അംഗീകാരം നേടി. ഇതായിരുന്നു സന്ദേശം. 'എല്ലാ മതങ്ങളുടെയും പരമോദ്ദേശ്യം ഒന്നാണെന്നും



ഭിന്നമതാനുയായികൾ തമ്മിൽ കലഹിച്ചിട്ട് ആവശ്യമില്ലെന്നും ഈ മഹാസമ്മേളനത്തിൽ നടന്ന പ്രസംഗങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നതിനാൽ നാം ശിവഗിരിയിൽ സ്ഥാപിക്കാൻ വിചാരിക്കുന്ന മഹാപാഠശാലയിൽ എല്ലാ മതങ്ങളും പഠിപ്പിക്കുന്നതിനു വേണ്ട എല്ലാ സൗകര്യങ്ങളും കൂടി ഉണ്ടാകണമെന്നും വിചാരിക്കുന്നു. ഈ സ്ഥാപനത്തിന്റെ തൃപ്തികരമായ നടത്തിപ്പിന് അഞ്ച് ലക്ഷം രൂപ പൊതു ജനങ്ങളിൽ നിന്ന് ലഭിക്കുന്നതിന് എല്ലാവരും സഹായിക്കുമെന്ന് വിശ്വസിക്കുന്നു.'

സർവമത സമ്മേളനത്തിന്റെ ശതാബ്ദി ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ വർത്തമാനകാല സമൂഹത്തോട് നമുക്ക് പറയാനുള്ളത് എന്താണ്? ജീവസന്ധാരണത്തിനായി പ്രകൃതിയുമായി മല്ലടിച്ച് വളർന്നു വികസിച്ച മനുഷ്യർ അവരുടെ ജീവിതസമരം ഇപ്പോഴും തുടരുകയാണ്. കാലദേശാദികൾക്കനുസൃതമായി

രൂപവൽക്കൃതമായ മനുഷ്യസമൂഹം അവരുടെ ദർശനത്തിനും ദൈവത്തിനും രൂപം കൊടുത്തു. സഹസ്രാബ്ദങ്ങളുടെ പരിവർത്തനത്തിനിടയ്ക്ക് പ്രാചീനങ്ങളായ പലതും അപ്രത്യക്ഷമായി. പുതിയവ നിലവിൽ വന്നു. അവയ്ക്കെല്ലാം ജന്മം കൊടുത്തത് മനുഷ്യനാണ്. ആരാണ് തയ്യാറാക്കിയത് എന്ന് കൃത്യമായി പറയാൻ കഴിയാത്തതിനാൽ അത്തരത്തിലുള്ളതിനെയെല്ലാം അപൗരുഷേയം എന്നു പറഞ്ഞുവച്ചു. സൂക്ഷ്മവിശകലനത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നത് എല്ലാ ദർശനങ്ങളുടെയും സത്ത ഒന്നു തന്നെയാണെന്നുള്ളതാണ്. എന്തെന്നാൽ എല്ലാറ്റിനും ജന്മം കൊടുത്തത് മനുഷ്യസമൂഹം ആണ്. 70,000 വർഷങ്ങൾക്കു മുമ്പ് ആഫ്രിക്കയുടെ വടക്കുപടിഞ്ഞാറുള്ള മൊറോക്കോയിൽനിന്നും പ്രയാണം ആരംഭിച്ച ഹോമോസാപ്പിയന്റെ സന്തതിപരമ്പരകളാണ് ഭൂമുഖത്തുള്ള മുഴുവൻ മനുഷ്യരും എന്ന് ഡിഎൻഎ പഠനം ശാസ്ത്രീയമായി തെളിയിച്ചിരിക്കുന്നു. എങ്കിൽ പിന്നെ എന്തിനാണ് ആര്യനെന്നും അനാര്യനെന്നും യഹൂദനെന്നും കാപ്പിരിയെന്നും മംഗോളിയൻ എന്നും സവർണൻ എന്നും അവർണരെന്നും വേർതിരിക്കുന്നത്. വംശവൈരവും മതവൈരവും ജാതിവൈരവും എന്തിനുവേണ്ടി? എന്താണ് ശ്രേഷ്ഠം? എന്താണ് നികൃഷ്ടം? എല്ലാം ശ്രേഷ്ഠമെന്നേ പറയാനാവൂ. എവിടെയാണോ മനസ്സ് നിർഭയമായിരിക്കുന്നത്, എവിടെയാണോ ശിരസ്സ് ഉന്നതമായിരിക്കുന്നത്, എവിടെയാണോ ഈ ലോകം സങ്കുചിതമായ പ്രാദേശികഭിത്തികളാൽ വിഭജിക്കപ്പെടാതിരിക്കുന്നത്, അവിടെ ആ സ്വർഗരാജ്യത്തിലേക്ക് എന്റെ താതാ, നമ്മുടെ രാജ്യവും നമ്മുടെ ലോകവും ഉണരട്ടെ..ഉയരട്ടെ.

**ഉത്തിഷ്ഠത ജാഗ്രത**
**പ്രാപ്യവരാൻ നിബോധത**

●

# ആഴവും ഗരിമയുമുള്ള സ്വാഗത പ്രഭാഷണം

**സമ്മേളനത്തിന്റെ ഏറ്റവും പ്രധാനമായ ഭാഗം അതിന്റെ സ്വാഗതപ്രസംഗം ആയിരുന്നു സർവമതസമ്മേളനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുന്ന പ്രസ്തുത പ്രസംഗം സാർവകാലികപ്രസക്തമാണ്. ഇന്നത്തെ ഇന്ത്യനവസ്ഥയിൽ അതിന് വളരെ പ്രാധാന്യമുണ്ട്. സ്വാഗതപ്രസംഗത്തിന്റെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു.**

**"ഈ** സമ്മേളനത്തെ സംബന്ധിച്ചു ഞങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനത്തിൽ 'അറിയാനും അറിയിക്കാനുമാണ്; വാദിക്കാനും ജയിക്കാനും അല്ല' ഈ സമ്മേളനമെന്നു പ്രത്യേകം പ്രസ്താവിച്ചിരുന്നത് മഹാജനങ്ങൾ ഓർക്കുമല്ലോ. സൃഷ്ടിയുടെ അപൂർണ്ണതയാലോ പ്രകൃതിനിയമങ്ങളെ തെറ്റി നടക്കാനുള്ള പ്രലോഭനങ്ങളാലോ മനുഷ്യന് കായികമായും മാനസികമായും പല രോഗ ങ്ങളും വന്നുഭവിക്കുകയും അവ സന്തതികളിൽ പരമ്പര യായി പകർന്നുപോവുകയും ചെയ്യുന്നുണ്ട്. കായികങ്ങളായ രോഗങ്ങളുടെ നിദാനവും നിവാരണോപായങ്ങളും അറിഞ്ഞവരെ വൈദ്യൻമാരെന്നും, മാനസികങ്ങളായ രോഗങ്ങളുടെ നിദാന വും നിവാരണോപായങ്ങളും അറിഞ്ഞവരെ വൈദികന്മാ രെന്നും നാം പറഞ്ഞുവരുന്നു. കായികരോഗങ്ങളുടെ നിവാരണത്തിനു ഹൈഡ്രോപ്പതി, ഹോമിയോപ്പതി, അലോപ്പതി, ആയുർവൈദ്യം, യൂനാനിവൈദ്യം മുതലായ ചികിത്സാക്രമങ്ങൾ ഏപ്പെടുത്തിയിട്ടുണ്ടല്ലോ. ഈ ചികിത്സാക്രമങ്ങളിൽ ഓരോന്നു വശമാക്കിയ വൈദ്യന്മാർ അതാതു ചികിത്സാക്രമങ്ങൾ മറ്റുള്ളവയെ അപേക്ഷിച്ചു ശ്രേഷ്ഠമെന്നു ഉൽഘോഷിക്കാറുണ്ടെങ്കിലും രോഗാർത്തനായ മനുഷ്യൻ തന്റെ പിതാക്കന്മാർ പരമ്പരയായി ഉപയോഗിച്ചുവന്നിരുന്ന ചികിത്സാക്രമം ഏതെന്നോ ആ ചികിത്സാക്രമം ഉത്ഭവിച്ച ദേശം ഏതെന്നോ അതു കണ്ടുപിടിച്ച


ദിവ്യവൈദ്യൻ ആരെന്നോ ആലോചിക്കാതെ ഏതു ചികിത്സാക്രമം അനുസരിച്ചുള്ള ഔഷധവും രോഗശമനത്തിനായി ഉപയോഗിക്കുകതന്നെ ചെയ്യുന്നു. പാശ്ചാത്യന്മാരായ ക്രൈസ്തവ ഭിഷഗ്വരന്മാരുടെ ചികിത്സാസമ്പ്രദായമാണു അലോപ്പതി എന്നുള്ള വിചാരത്താൽ അതു പഠിക്കുന്നതിനോ പ്രയോഗിക്കുന്നതിനോ ഒരു ഹിന്ദുഭിഷഗ്വരൻ മടിക്കുന്നില്ല. അതുപോലെതന്നെ ആര്യവൈദ്യം ഹിന്ദുക്കളുടെ വൈദ്യമാണെന്നു പറഞ്ഞു വയസ്കര മൂസ്സിന്റെ ചികിത്സയെ ക്രിസ്ത്യാനികളാരും ഉപേക്ഷിക്കുന്നില്ല. അഷ്ടാംഗഹൃദയം ഒരു ബൗദ്ധമതഗ്രന്ഥമായതുകൊണ്ടു ഏകാദശിക്കു വായിച്ചു കൂടായെന്നു മലയാളബ്രാഹ്മണർ ഒരു കടുത്ത ഭ്രഷ്ട് അതിനു കല്പിച്ചിട്ടുണ്ടെങ്കിലും അവർ അഷ്ടാംഗഹൃദയം വായിക്കാതെയോ, വായുമുട്ടൽ വരുന്നതു ഏകാദശി നാളിൽ ആണെങ്കിൽ അന്നു ധന്വന്തരി ഗുളിക സേവിക്കാതെയോ, ഇരിക്കുന്നില്ല. കായിക രോഗങ്ങൾക്ക് ചികിത്സാക്രമം ഏതു മതക്കാരനായ വൈദ്യന്റേതു എന്ന് അന്വേഷിക്കാതെ രോഗശമനത്തിനു ഫലസിദ്ധിയുള്ള ഏതൗഷധവും സേവിക്കുന്നതിനു മനുഷ്യൻ മടിക്കേണ്ടതില്ലെങ്കിൽ മാനസികരോഗത്തിന്റെ വിഷയത്തിൽ ആ പ്രമാണം എന്തുകൊണ്ടു സ്വീകരിച്ചുകൂടാ എന്നുള്ള ചോദ്യത്തിനു ഉത്തരം പറവാൻ മാനസികരോഗ ചികിത്സകന്മാരായ വൈദികന്മാർക്കു ഒരു ചുമതലയുണ്ടെന്നു സമ്മതിച്ചേ തീരൂ. സോക്രട്ടീസും, സ്പെൻസറും, കാന്റും, സ്വീഡൻബർഗ്ഗും യൂറോപ്യന്മാരായതു കൊണ്ടു അവരുടെ തത്ത്വജ്ഞാനഗ്രന്ഥങ്ങൾ വായിച്ചു തത്ത്വാന്വേഷണം ചെയ്യുന്നതിനു ഹിന്ദുക്കൾക്കോ, ബാദരായണാചാര്യരും ശങ്കരാചാര്യരും ഹിന്ദുക്കളായതുകൊണ്ട് അവരുടെ തത്ത്വജ്ഞാന ഗ്രന്ഥങ്ങൾ വായിച്ചു തത്ത്വാന്വേഷണം ചെയ്യുന്നതിനു യൂറോപ്യന്മാർക്കൊ ഒരു മടിയുമില്ല. തത്ത്വജ്ഞാന ഗ്രന്ഥങ്ങൾ, അവ ഏതു മതക്കാരന്റേതായിരുന്നാലും മറ്റേതു മതക്കാരനും വായിച്ചു തത്ത്വം ഗ്രഹിക്കാം. ഈ മൂന്നുതരം ഗ്രന്ഥങ്ങളും വെളിപ്പെടുത്തുന്ന തത്ത്വങ്ങളുടെ കലർപ്പില്ലെങ്കിൽ കേവലം നിർജ്ജീവങ്ങളായിത്തീരുന്ന മതഗ്രന്ഥങ്ങൾ ഒരു മതക്കാരന്റേതു മററൊരു മതക്കാരനു എന്തുകൊണ്ട് വായിച്ചു തത്ത്വം ഗ്രഹിച്ചുകൂടാ എന്നും അങ്ങനെ ഗ്രഹിച്ച തത്ത്വങ്ങൾ

എന്തുകൊണ്ട് ജീവിതകൃത്യങ്ങളിൽ പ്രായോഗികമാക്കി തീർത്തുകൂടായെന്നും ശ്രീനാരായണശിഷ്യന്മാരായ ഞങ്ങൾക്കു വളരെ സംശയമുണ്ട്. ദർശനങ്ങൾ, ശാസ്ത്രങ്ങൾ, കലാവിദ്യകൾ മുതലായ വിജ്ഞാനവർധനയ്ക്കു ഉപയുക്തങ്ങളായ ഗ്രന്ഥങ്ങൾ ദേശഭേദവും മതഭേദവും ജാതിഭേദവും ഗണിക്കാതെ എല്ലാ മതക്കാരും മനുഷ്യജാതിയുടെ പൊതുസ്വത്തായി അവയെ ഗണിക്കുകയും വിജ്ഞാനാഭിവൃദ്ധിക്കായി അവയെ കൈകാര്യം ചെയ്യുകയും ചെയ്യുന്നതുപോലെ അദ്ധ്യാത്മവിദ്യാപ്രതിപാദകമായ മതഗ്രന്ഥങ്ങളും മനുഷ്യജാതിയുടെ പൊതുസ്വത്തായി ഗണിക്കുകയും ജ്ഞാനാഭിവൃദ്ധിക്കായി അവയെ കൈകാര്യം ചെയ്യുകയും ചെയ്യാമെന്നാണു ഞങ്ങളുടെ വിനീതമായ വിശ്വാസം. വിശ്വാസം അബദ്ധമാണെന്നു ആരെങ്കിലും സയുക്തികം ചൂണ്ടിക്കാണിച്ചു തന്നാലതിനെപ്പറ്റി പുനരാലോചന ചെയ്യുന്നതിനു ഞങ്ങൾ സാദരം സന്നദ്ധരാണെന്നുള്ള വിവരവും പ്രസ്താവിച്ചുകൊള്ളട്ടെ.

ഈ പ്രകൃതത്തിൽ മററൊരു സംഗതികൂടെ നാം ഏറ്റവും ഗൗരവമായി ആലോചിക്കേണ്ടതായിട്ടുണ്ട്. മനുഷ്യൻ ചിന്താശീലമുള്ള ഒരു ജീവിയാകുന്നു. ശരീരത്തെ പ്രവൃത്തി രഹിതമാക്കി സ്വസ്ഥതയിൽ വെച്ചുകൊണ്ടിരിക്കുന്നതിനു നമുക്ക് കഴിയുമെങ്കിലും എത്ര ഉദാസീനമായ അവസ്ഥയിലും മനസ്സിനെ പ്രവൃത്തിരഹിതമാക്കി വെച്ചുകൊണ്ടിരിക്കുവാൻ നമുക്കു കഴിയുന്നില്ല. ശിശുക്കൾ ആകാശത്തിൽ നോക്കി വിസ്മയിക്കുകയും, 'അതെന്ത്, ഇതെന്ത്' എന്നു ജിജ്ഞാസയോടു കൂടെ ഓരോന്നു ചോദിക്കുകയും, ശരിയോ തെറ്റോ ആയ ഉത്തരംകൊണ്ട് തൃപ്തിപ്പെടുകയും, വീണ്ടും ചോദ്യങ്ങൾ തുടരുകയും ചെയ്യുന്നതുപോലെ, ലോകത്തിന്റെ ശൈശവാവസ്ഥയിൽ തുടങ്ങി മനുഷ്യജാതി, 'ഈ പ്രപഞ്ചം എങ്ങിനെയുണ്ടായി, ഇതെങ്ങിനെ നിൽക്കുന്നു, എങ്ങിനെ അവസാനിക്കുന്നു' എന്നു ചോദിപ്പാനും, അവയ്ക്ക് ശരിയെങ്കിലും തെറ്റെങ്കിലും ഒരുത്തരം കണ്ടുപിടിക്കാനും, കണ്ടുപിടിച്ച ഉത്തരങ്ങൾ ശരിയോ എന്നു പരിശോധിക്കാൻവേണ്ടി വീണ്ടും വീണ്ടും ചോദ്യങ്ങൾ ചോദിക്കാനും തുടങ്ങി. ചോദ്യങ്ങൾക്കു

ലഭിച്ച ഉത്തരങ്ങളിൽവച്ച് ഏറ്റവും വിസ്മയാവഹങ്ങളായ ചില ഉത്തരങ്ങളാണ്, ഈശ്വരനേയും, ആത്മാവിനേയും, പുനർജന്മത്തെയും, കർമ്മഫലത്തേയും, സ്വർഗ്ഗനരകങ്ങളേയും, സംസാരത്തേയും, നിർവ്വാണത്തേയും കുറിച്ചുള്ള ഉത്തരങ്ങൾ. മനുഷ്യൻ അക്ഷരവിദ്യ കണ്ടുപിടിക്കുന്നതിനുമുമ്പായി അവനു ലഭിച്ചിട്ടുള്ള ഉത്തരങ്ങളിൽ എത്രയോ എണ്ണം നമുക്കു പിന്തുടർച്ചയായി ലഭിക്കാതെ നഷ്ടപ്പെട്ടുപോയിട്ടുണ്ട്. എങ്കിലും നമുക്കു ജീവിതാവധി അനുഭവിച്ചു സുഖിക്കുവാൻ വേണ്ടതിൽ തുലോം അധികം ഉത്തരങ്ങൾ പിതൃസ്വത്തായി ശേഷിച്ചിട്ടുണ്ട്. ഇങ്ങനെ ശേഷിച്ച പ്രശ്നോത്തരഭണ്ഡാരമായ പിതൃസ്വത്താണ് ലോകത്തിലിന്നുള്ള സകല ഗ്രന്ഥങ്ങളും-അവ മനുഷ്യജാതിയ്ക്കു പൊതുവിലുള്ള പിതൃസ്വത്താകുന്നതല്ലാതെ അവ ശാഖാവീതം ഭാഗംവച്ച് ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന കൈവശക്കാർ പറയും പോലെയോ ഭാവിക്കും പോലെയോ ഓരോ പ്രത്യേക മതക്കാരുടെ പ്രത്യേക സ്വത്തുക്കൾ ആകുന്നതല്ല. പൂർവ്വപി താക്കന്മാരെക്കുറിച്ചുള്ള ഭക്തിബഹുമാനാദരങ്ങളോടുകൂടി ഈ പിതൃ സ്വത്ത് മനുഷ്യജാതി പൊതുവേ അനുഭവിച്ച് ആത്മസുഖം അനുഭവിക്കേണ്ടതായിരിക്കേ അവയുടെ ഓരോ ഭാഗം ഓരോ ശാഖക്കാർക്കു കൈവശപ്പെടുത്തിവച്ചുകൊണ്ട് ശേഷം ശാഖക്കാർക്കു അസുഖമുണ്ടാകുന്നവിധം അതിനെ വിനിയോഗിക്കുന്നത് സർവ്വസന്തതികൾക്കുമായി സങ്കല്പിച്ചു ആ സ്വത്ത് സമ്പാദിച്ച പൂർവ്വപിതാക്കന്മാക്കുതന്നെ ഹിതക രമായ ഒരു കാഴ്ചയായിരിക്കുമോ? തത്ത്വജ്ഞാനത്തിനും ശാസ്ത്രജ്ഞാനത്തിനും യുക്തിവാദകുശലതയ്ക്കും ഇപ്പോഴത്തെപ്പോലെ അഭിവൃദ്ധിയുണ്ടായിട്ടില്ലാതിരുന്ന കാലങ്ങളിൽ ജീവിച്ചിരുന്ന ബുദ്ധിമാന്മാരും ചിന്തകന്മാരും ഊഹാപോഹങ്ങൾകൊണ്ടും പരീക്ഷ കൂടാതെയുള്ള നിരീക്ഷണം കൊണ്ടും കണ്ടുപിടിച്ച അദ്ധ്യാത്മപരങ്ങളായ പ്രശ്നോത്തരങ്ങൾ എല്ലാ മതഭണ്ഡാരങ്ങളിലും കലർന്നു കിടപ്പുണ്ട്. വാസ്തവമെന്നു വളരെക്കാലം വിശ്വസിച്ചിരുന്ന ചില സിദ്ധാന്തങ്ങൾ അനന്തരകാലങ്ങളിൽ ഖണ്ഡിക്കപ്പെട്ടതായും നാം കാണുന്നുണ്ട്. ആത്മതത്ത്വ പ്രതിപാദകങ്ങളായും അല്ലാതെയുമുള്ള പൗരാണികന്മാരുടെ അർത്ഥവാദകഥകൾ

കവികളുടെ ഭാവനാശക്തിയിൽക്കൂടി, അണുപ്രാണികൾ ഭൂതക്കണ്ണാടിയിൽക്കൂടി എന്നപോലെ, സഹസ്രഗുണഗരിമാവു കൈക്കൊണ്ട് ആധുനികന്മാർക്ക് അസംബന്ധമെന്നു തോന്നാവുന്ന രൂപത്തെ പ്രാപിച്ചു മതഗ്രന്ഥങ്ങളിൽ കലർന്നുകിടപ്പുണ്ട്. ഒരു കഥാബീജം തന്നെ ദേശാഭിക്രമണം ചെയ്ത് പല മതഗ്രന്ഥങ്ങളിലും പല പരിണതിയെ പ്രാപിച്ചു കിടക്കുന്നതായും നാം കാണുന്നുണ്ട്. പൗരാണികന്മാരിൽ പലർക്കും പരിചയമുള്ള ഒരു ചെറിയ ദൃഷ്ടാന്തം മാത്രം ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ. ദിനരാത്രങ്ങൾ, മാസങ്ങൾ, ഋതുക്കൾ, സംവത്സരങ്ങൾ മുതലായ കാലഭേദങ്ങൾ എല്ലാം ഭൂഭ്രമണം നിമിത്തം സൂര്യനുണ്ടാകുന്ന സ്ഥിതിഭേദത്താൽ സംഭവിക്കുന്നതാണെന്നു ജ്യോതിശ്ശാസ്ത്രജ്ഞന്മാർ നിർണ്ണയിച്ചു. സൂര്യനിൽനിന്നു കാലമുണ്ടാകുന്നു എന്നുള്ള ജ്യോതിഷികസിദ്ധാന്തം ഒരു അർഥവാദകഥാ ബീജമായപ്പോൾ സൂര്യന്റെ മകനാണ് കാലനെന്നും ജീവശക്തികൾക്കു ക്ഷയം സംഭവിക്കുന്ന കാലംവരുമ്പോൾ മരണം സംഭവിക്കുന്നു എന്നുമുള്ള വസ്തുത കൂടെ ചേർത്ത് സൂര്യപുത്രനായ കാലൻ നമ്മെ മരിപ്പിക്കുന്ന പിതൃപതി എന്നു കഥയുണ്ടായി. മരണം നമുക്കു ഹിതകരമായ ഒരു സംഭവമല്ല. അഹിതകരനായ കാലനു ഭയങ്കരസ്വരൂപം കല്പിച്ച് കറുത്ത നിറവും മഹിഷവാഹനവു മാക്കി-കയറും കാരിരുമ്പുലക്കയും ആയുധമായും സങ്കല്പിച്ചു. ഇങ്ങിനെ പിതൃപതിയായ കാലന്, പിതൃക്കൾക്ക് അവരുടെ ജീവിതകാലത്തിൽ അവരനുഷ്ഠിച്ച ധർമ്മാധർമ്മങ്ങൾക്ക് അനുരൂപമായ ശിക്ഷാരക്ഷകൾ നൽകാനുള്ള അധികാരം കൂടെ നൽകാഞ്ഞാൽ കഥ പൂർത്തിയാകുകയില്ലല്ലൊ എന്നു കരുതി കാലനെ ധർമ്മരാജാവായി അഭിഷേകവും കഴിച്ചു. രാജാവായാലൊരു വലിയ മേലെഴുത്തുപിള്ളയെക്കൂടാതെ കഴികയില്ലല്ലൊ. മനശ്ശാസ്ത്രപ്രകാരം മനസ്സ് സകല കർമ്മങ്ങളുടേയും ചിത്രത്തെ ഗോപനം ചെയ്തുവെക്കുന്ന ഒരു വസ്തുവാണ്. മനസ്സുതന്നെയാണ് താന്താങ്ങളുടെ ധർമ്മ കർമ്മങ്ങൾക്ക് അനുരൂപമായ സുഖദുഃഖങ്ങൾ മനുഷ്യനെ അനുഭവിപ്പിക്കുന്നത്, കർമ്മചിത്രങ്ങളെ ഗോപനം ചെയ്യുന്ന മനസ്സിനെ ചിത്രഗുപ്തനാക്കി. യമധർമ്മരാജാവിന്റെ വലിയ



മേലെഴുത്തുപിള്ളയായും നിയമിച്ചു. രാജാവിനു രാഷ്ട്രവും രാജധാനിയും കിങ്കരന്മാരും കച്ചേരികളും വേണമെന്നുള്ള വ്യവസ്ഥ അനുസരിച്ചു വേണ്ട സാമഗ്രികളെല്ലാം മുറയ്ക്കു, ശേഖരിച്ചപ്പോൾ അതിവിസ്തീർണ്ണമായ നരകസാമ്രാജ്യം വിഭവസമ്പൂർണ്ണമായി. കാലനെക്കുറിച്ചുള്ള ഈ കഥ അസീരിയന്മാരുടെ പുരാണത്തിൽ ചേർന്നപ്പോൾ മറെറാരു രൂപഭേദം സംഭവിച്ചു. ഹിന്ദുക്കൾക്കു കാലൻ സൂര്യപുത്രനായ യമനാണ്. അസീരിയന്മാർക്ക് കാലൻ നവഗ്രഹങ്ങളിലൊന്നായ ശനിയാണ്. സൂര്യന്റെ ഭാര്യ ഛായ ആണ്. ഛായാപുത്രനാണ് ശനി. ഹിന്ദുക്കളുടെ കാലനും അസീരിയന്മാരുടെ കാലനും തമ്മിൽ സ്വല്പമേ വ്യത്യാസമുള്ളു. ഹിന്ദുക്കളുടെ കാലൻ സൂര്യപുത്രനും അസീരിയന്മാരുടെ കാലൻ സൂര്യന്റെ ഭാര്യയുടെ പുത്രനുമാണ്. ഛായാപുത്രനായ ശനിക്ക് കാലനെന്ന പര്യായം സംസ്കൃതത്തിൽ പ്രസിദ്ധമാണെങ്കിലും കാലനും ശനിയും ഹിന്ദുക്കൾക്ക് ഒരു ദേവനുമല്ല; അവർ തമ്മിൽ ജ്യേഷ്ഠാനുജന്മാരുമല്ല. എന്നാൽ ഹിന്ദുക്കളുടെ കാലന്റെ ജോലി തന്നെയാണ് അസീരിയന്മാരുടെ ശനിയുടേയും ജോലി. ശനിയാഴ്ച ശനിയുടെ ദിവസമായതുകൊണ്ട് അസീരിയന്മാക്ക് അതൊരു ദുർദ്ദിനമായിത്തീർന്നു. യാതൊരു

ശുഭകർമ്മത്തിനും ആ ദിവസം കൊള്ളുകയില്ലെന്നും അസീരിയന്മാരുടെ ഇടയിൽ വിശ്വാസം പരന്നപ്പോൾ ആ ദിവസം യാതൊരു വേലയും ചെയ്യാതെ സ്വസ്ഥമായിരിക്കുവാനുള്ള ശപിക്കപ്പെട്ട ദിവസമായി. ഈ ശനിയാഴ്ച യഹൂദന്മാക്കും പരിശുദ്ധമായ സാബത്ത് ആയിത്തീർന്നതും ക്രിസ്ത്യാനികൾക്ക് സാബത്ത് ഞായറാഴ്ച ആയിത്തീർന്നതും എല്ലാവരും അറിഞ്ഞിരിക്കുന്ന കാര്യമാണല്ലോ. അർത്ഥവാദകഥ പല രൂപാന്തരത്തെ കൈക്കൊണ്ട് പല മതക്കാരുടെയിടയിൽ പലതരം വിശ്വാസങ്ങൾക്കും ആ വിശ്വാസമനുസരിച്ച് പലതരമാചാരങ്ങൾക്കും എങ്ങനെയിടവരുത്തുന്നുവെന്നു ഈ ദൃഷ്ടാന്തത്തിൽനിന്നു നമുക്ക് ഏകദേശം മനസ്സിലാക്കാൻ കഴിയുന്നതാണ്. ഓരോ മതക്കാരുടേയും പുരാണകഥകളിൽ നവീനന്മാരുടെ ശാസ്ത്രജ്ഞാനവും യുക്തിവാദകുശലതയും കൊണ്ട് പരിശോധിച്ചുനോക്കുമ്പോൾ അയുക്തികങ്ങളും അസംഭവ്യങ്ങളും ആയിത്തോന്നാവുന്ന പല കഥകളും ഉണ്ടെങ്കിലും അവ എല്ലാവരുടേയും പുരാണങ്ങൾക്കുമുള്ള ഒരു സാമാന്യലക്ഷണമാണെന്നു സമ്മതിക്കാനുള്ള ഔദാര്യബുദ്ധി ഇല്ലാത്തതുനിമിത്തം സംഭവിക്കുന്ന മതകലഹങ്ങൾ എത്രയെന്നു ള്ളതിന് യാതോരവസാനവുമില്ല. മതമത്സരത്തിന്റെ ഒരു ചെറിയ ദൃഷ്ടാന്തം എന്റെ ഒരു സ്നേഹിതൻ പറഞ്ഞതിനെ ഞാൻ ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ -ഒരിക്കൻ ആ സ്നേഹിതൻ തീവണ്ടിയിൽ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ മഹാവിഷ്ണുവിന്റെ പ്രളയാനന്തരശയനത്തെക്കുറിച്ച് മറ്റൊരു സ്നേഹിതനുമായി സംസാരിക്കാനിടവന്നു. അവരുടെസംഭാഷണം കേട്ടുകൊണ്ടിരുന്ന രണ്ട് ക്രൈസ്തവ സഹോദരന്മാർ എന്റെ സ്നേഹിതനോട് ചോദിച്ചു: 'എന്താണ് നിങ്ങളുടെ മഹാവിഷ്ണുവിന് വെള്ളത്തിൽ കിടക്കുമ്പോൾ ഒരു ആലില കൂടെ താങ്ങായി വേണ്ടിവന്നത്; അതില്ലെങ്കിൽ വിഷ്ണു വെള്ളത്തിൽ മുങ്ങി ചത്തുപോകുമോ?' ഈ ചോദ്യത്തിനു സ്നേഹിതൻ പ്രത്യുത്തരം പറഞ്ഞു:- 'ആദിയിൽ ഭൂമി ഇരുളും പാഴുമായിരുന്ന കാലത്ത് എന്താണ് നിങ്ങളുടെ യഹോവായുടെ ആത്മാവ് വെള്ളങ്ങളുടെ മുകളിൽ ആവസിച്ചിരുന്നത്? വെള്ളങ്ങളുടെ താഴെ ആയാൽ ശ്വാസംമുട്ടി ചത്തുപോകുമെന്ന്

വിചാരിച്ചാണോ? 'ഈ ഉക്തിപ്രത്യുക്തികളെക്കൊണ്ട് പരസ്പരം പൗരാണികവിശ്വാസങ്ങളെ പരിഹസിച്ച സ്നേഹിതന്മാർ അവരുടെ മതങ്ങളിൽ പ്രത്യക്ഷത്തിൽ ഭിന്നമായിക്കാണുന്ന ഈ ലോകോല്പത്തികഥയുടെ അത്ഭുതകരമായ സാമ്യത്തെക്കുറിച്ച് അത്ഭുതപ്പെട്ടില്ലല്ലോ എന്നാണ് നാം അത്ഭുതപ്പെടേണ്ടതായിരിക്കുന്നത്.

മതകലഹങ്ങളുടെ പ്രാചീന ഭയങ്കരസ്വഭാവത്തിനും ഇപ്പോഴത്തെ സുഖകരമല്ലാത്ത മത്സരത്തിനും തമ്മിൽ വലുതായ വ്യത്യാസമുണ്ടെന്ന് നാം ആശ്വസിച്ചേ തീരൂ. സാമ്രാജ്യശക്തികളുടെ സഹായത്തോടുകൂടെ മതപ്രചരണം നടത്തിവന്ന പ്രാചീന പുരോഹിതരാജാക്കന്മാർ മതത്തിന്റെ നാമധേയത്തിൽ നടത്തിയിട്ടുള്ള സമരവൃത്താന്തങ്ങൾ എല്ലാ മതചരിത്രത്തെയും ഏറെക്കുറെ മലിനമാക്കിത്തീർത്തിട്ടുണ്ട്. എന്നാൽ പുരോഹിതാധികാരവും രാജാധികാരവും ഏകത്ര ലയിച്ചിരിക്കുന്നത് ആപൽക്കരമെന്നു മനസ്സിലാക്കി ആധുനിക പരിഷ്കൃത ജനസമുദായങ്ങളെല്ലാം ആ രണ്ടധികാരങ്ങളേയും തമ്മിൽ വേർപെടുത്തി. മതപരമായ കാര്യങ്ങളിൽ ഗവൺമെന്റുകൾ നിഷ്പക്ഷനില അനുവർത്തിക്കണമെന്നുള്ളത് നവീന രാജ്യമീമാംസയിലെ നിഷ്കർഷയേറിയ ഒരു സിദ്ധാന്തമായപ്പോൾ മത്സരങ്ങളിലും തൻമൂലമുള്ള അനർഥങ്ങളിലും നിന്നും മനുഷ്യജാതിക്ക് മോചനം ലഭിച്ചു. ഭിന്നമതങ്ങൾ തമ്മിലുള്ള പിന്നത്തെ മത്സരരീതി ഓരോ മതസാഹിത്യത്തിലും കലർന്നുകിടക്കുന്ന ഇതിഹാസകഥകളുടെ അയുക്തിയേയും അസംഭവ്യതയേയും കുറിച്ച് കഴിയുന്നത്ര ശക്തിയേറിയ ഭാഷയിലും ചിലപ്പോൾ ആഭാസമെന്നു പറയാവുന്ന രീതിയിലും പുസ്തകങ്ങളും ലഘുലേഖനങ്ങളും പരസ്യം ചെയ്തും, മിക്കവാറും അതേരീതിയിൽത്തന്നെ പ്രസംഗങ്ങൾ ചെയ്തും പരമതദൂഷണം ചെയ്തു കഴികയായിരുന്നു. പ്രസ്ഥാനം മൂലം എല്ലാ മതങ്ങളുടേയും ദോഷഭാഗങ്ങൾ എല്ലാവർക്കും മനസ്സിലാക്കുവാനും ഗുണഭാഗങ്ങൾ മങ്ങി മതവിശ്വാസം സാമാന്യജനങ്ങളിൽ വിരളമായിത്തീരുവാനും ഇടവന്നു. ഈ ദിശയും കടന്നു ഇപ്പോഴത്തെ മതമത്സരരീതി പുറമേ

ശാന്തമെങ്കിലും അകമേ അസുഖകരമായ മറെറാരു വഴിയാക്കിത്തീർത്തു. മതപരിവർത്തന സംരംഭംകൊണ്ടുള്ള അസുഖം ഇന്ത്യയിൽ ഹിന്ദുക്കൾ മാത്രം അനുഭവിച്ചിരുന്നത് മതാഭിമാനികളായ ചില ഹൈന്ദവനേതാക്കളുടെ ഉത്സാഹത്താൽ ഇപ്പോൾ അഹിന്ദുക്കളും അനുഭവിച്ചു തുടങ്ങിയിരിക്കുന്നു. ശാസ്ത്രജ്ഞാനത്തിനും തത്ത്വജ്ഞാനത്തിനും പരിഷ്കാരത്തിനും എത്രതന്നെ പ്രചാരവും അഭിവൃദ്ധിയും ഉണ്ടായിട്ടും മതപരിവർത്തനവിഷയത്തിൽ ഇത്ര വലിയ സംരംഭം എല്ലാ മതക്കാർക്കും ഉണ്ടാവാനുള്ള യഥാർത്ഥ കാരണം എന്തെന്ന് അന്വേഷിക്കുന്നത് രസാവഹമായിരിക്കും.

മതം ഒരു അദ്ധ്യാത്മകാര്യമാണെന്നാകുന്നു എല്ലാവരും പറയുകയും വിശ്വസിക്കുകയും ചെയ്തുവരുന്നത്. എല്ലാ മതസ്ഥാപകന്മാരും തങ്ങളുടെ മതത്തെ മോക്ഷമാർഗ്ഗമായിട്ടുതന്നെയാണ് തങ്ങളുടെ ശിഷ്യന്മാർക്ക് ഉപദേശിച്ചു തുടങ്ങിയത്. സകല മോഹങ്ങളും പരിത്യജിച്ചവന് മാത്രമേ നിർവ്വാണമുള്ളുവെന്നു ബുദ്ധമുനി നിഷ്കർഷയായി ഉപദേശിച്ചു. 'സർവ്വത്തേയും ഉപേക്ഷിച്ച് എന്റെ പിന്നാലെ വരുവിൻ' എന്നു ക്രിസ്തു തന്റെ ശിഷ്യന്മാരെ വിളിച്ചു. ത്യാഗിക്കല്ലാതെ മോക്ഷമില്ലെന്നുള്ളതു ഹിന്ദുമതത്തിലെ ഏതു ശാഖക്കാർക്കുമുള്ള നിർവിവാദമായ സിദ്ധാന്തമാകുന്നു.

ഗന്ധകാമ്ലം കണ്ടുപിടിക്കുന്നതു ശാസ്ത്രജ്ഞനാണ്. എന്നാൽ മൂലധനം മുടക്കി അതു ധാരാളമായി സംഭരിച്ചു ലോകമെല്ലാം വിതരണം ചെയ്ത് ആദായമുണ്ടാക്കുന്നത് മുതലാളന്മാരാണ്. ശാസ്ത്രതത്ത്വങ്ങളെ എന്നപോലെത്തന്നെ അദ്ധ്യാത്മതത്ത്വങ്ങളേയും മോക്ഷമാർഗ്ഗങ്ങളേയും അവ കണ്ടുപിടിച്ച മഹാത്മാക്കളല്ലെങ്കിലും, കൊണ്ടുനടന്ന ബുദ്ധിമാന്മാർ, അത്യന്തം ആദായകരങ്ങളായ വാണിജ്യസാധനങ്ങളാക്കി 'ഉത്തമം കുശലം വിദ്യ' എന്നുള്ള പ്രമാണത്തെ 'മദ്ധ്യമം കൃഷിവാണിഭത്തേക്കാൾ വ്യഭിചരിപ്പിച്ചു ആദായമുണ്ടാക്കിത്തീർത്തു. ഈ ബുദ്ധിമാന്മാരാണ് പുരോഹിതന്മാരെന്നു ലോകത്തിൽ പ്രസിദ്ധന്മാരായിത്തീർന്നവർ. എല്ലാവരും അങ്ങനെയുള്ളവരെന്നു ഞാൻ പറയുന്നില്ല; വളരെപ്പേർ അങ്ങനെയുള്ളവരാണ്. മതസ്ഥാ


പകന്മാരായ മഹാത്മാക്കളുടെ അദ്ധ്യാത്മസിദ്ധാന്തങ്ങൾ ജന സമ്മതങ്ങളായിത്തീർന്നുവെന്നു കണ്ടപ്പോൾ ആ സിദ്ധാന്തങ്ങളെ ജനങ്ങൾക്കുപദേശിക്കുവാനുള്ള പാവനമായ ജോലി കൈയേറ്റ പുരോഹിതന്മാർ ആ ജോലി അത്യന്തം ആദായകരമായ ഒരു 'ഉത്തമം കുശലം വിദ്യയെന്നും അനായാസേന മനസ്സിലാക്കി. എങ്ങനെയുള്ള ഏർപ്പാടുകൾ എല്ലാം ഉണ്ടാക്കിയാൽ ആ ജോലി അധികമധികം ആദായകരമാക്കിത്തീർക്കാമോ അങ്ങനെയുള്ള ഏർപ്പാടുകളെല്ലാം അവർ ഉണ്ടാക്കിത്തീർത്തു. മതങ്ങളോട് അനുബന്ധിച്ചുണ്ടായിട്ടുള്ള മിക്ക തന്ത്രമന്ത്രാദികളുടേയും വിശ്വാസാചാരങ്ങളുടേയും എല്ലാം ആഗമം ഇങ്ങനെയാകുന്നു. ജ്ഞാനോപദേശം ചെയ്കയെന്നുള്ളിടത്തോളംകൊണ്ടു പുരോഹിതന്മാരുടെ ജോലി അവസാനിച്ചിരുന്നുവെങ്കിൽ മതം നിമിത്തമായുള്ള ഭിന്നിപ്പുകൾ ഇന്നു ജനസമുദായത്തിൽ ഇത്രമാത്രം അസ്വാസ്ഥ്യകാരണമായി തീരുകയില്ലായിരുന്നു. എന്നാൽ ജ്ഞാനോപദേശം ഒരു 'കുശലവിദ്യ'യായി ചമഞ്ഞപ്പോൾ വണിക്കുകൾ അവരുടെ ചരക്കു ചിലവാക്കുവാൻ അധികം പറ്റുവരവുകാരെ ഉണ്ടാക്കുന്നതിനു ശ്രമിക്കുന്നമാതിരിയിൽ, പുരോഹിതന്മാരും അവരുടെ മതത്തിൽ പറ്റിനില്ക്കുന്നതുമായ ജനങ്ങളുടെ സംഖ്യ വർദ്ധിപ്പിക്കാൻ ശ്രമം തുടങ്ങി, ഒരു മതത്തിൽ എത്രകണ്ടു ജനങ്ങൾ വർദ്ധിക്കുന്നുവോ അത്രകണ്ട് ആ മതത്തിനു ശക്തിവർദ്ധിക്കുന്നു. ശക്തി വർദ്ധിച്ച മതം മുക്തിമാർഗ്ഗങ്ങളിൽ വച്ചു മുഖ്യമായ മതമെന്നു വന്നപ്പോൾ മുക്തിമാർഗ്ഗത്തിന്റെ യുക്തിമാറ്റത്തിലേക്ക് മനുഷ്യബുദ്ധിക്ക് പ്രവേശനമേ ഇല്ലാതായിത്തീർന്നു. മഹാത്മാക്കളായ മതസ്ഥാപ കർ പാരത്രികമായ മോക്ഷമാർഗ്ഗത്തിനു ഉപയോഗിച്ച അദ്ധ്യാത്മ ജ്ഞാനം, കേവലം ലൗകികമായ സമുദായ ശക്തിവർദ്ധന യ്ക്കായി പുരോഹിതന്മാർ ഉപയോഗിച്ചുതുടങ്ങി. മതം ഒരു അദ്ധ്യാത്മകാര്യമെന്നുള്ള അവസ്ഥവിട്ടു കേവലം ഒരു സമുദായ കാര്യമായി അധഃപതിച്ചുതുടങ്ങിയത് ഇന്നോ ഇന്നലയോ അല്ല. ചരിത്രാരംഭകാലം മുതലേ അവസ്ഥ ഇതായിരുന്നുവെന്ന് ചരിത്രപണ്ഡിതന്മാർ മുക്തകണ്ഠം ഘോഷിക്കുന്നു. രാജാക്ക ന്മാർക്കു അവരുടെ സാമ്രാജ്യം ലോകം മുഴുവൻ വ്യാപിപ്പിച്ചു ഭൂഗോളം മുഴുവൻ ഏകച്ഛത്രാധിപത്യമാക്കിത്തീർക്കണ

മെന്ന് ആഗ്രഹമുള്ളതുപോലെതന്നെ മതാദ്ധ്യക്ഷന്മാർക്കും ലോകം മുഴുവൻ ഏകമത സാമ്രാജ്യമാക്കിത്തീർക്കണമെന്നു ആഗ്രഹമുള്ളതുപോലെ തോന്നുന്നു. രാജാക്കന്മാരുടെ സാമ്രാജ്യമോഹം യുദ്ധങ്ങൾക്കും ഛിദ്രങ്ങൾക്കും ഇടവരുത്തുന്നതുപോലെതന്നെ മതാദ്ധ്യക്ഷന്മാരുടെ സാമ്രാജ്യമോഹവും യുദ്ധങ്ങൾക്കും ഛിദ്രങ്ങൾക്കും ഇടവരുത്തുന്നു. ഒരു സാമ്രാജ്യം അന്യരാജ്യസാമ്രാജ്യങ്ങളിൽ നിന്ന് അതിർത്തി നിർണ്ണയിച്ചു വേർതിരിക്കുന്നതുമൂലം രാജ്യകലഹങ്ങൾ ചില കാലങ്ങളിലേ സംഭവിക്കാറുള്ളുവെന്നൊരാശ്വാസമുണ്ട്. മതസാമ്രാജ്യത്തിനു ദേശാതിർത്തി നിയമമേയില്ല. തന്മൂലം എല്ലാ മതസാമ്രാജ്യങ്ങളും ചുഴലിക്കാറ്റിലെ തിരമാലകളെപ്പോലെ പരസ്പരം ആക്രമിച്ച് എപ്പോഴെന്നില്ലാതെ അസ്വസ്ഥതയുണ്ടാക്കുന്നു. ഈ അവസ്ഥയിൽനിന്നും മനുഷ്യ സമുദായത്തിന് മോചനം ലഭിക്കണമെങ്കിൽ മതം ഒരു അദ്ധ്യാത്മകാര്യമായിത്തീരണം. അങ്ങനെ തീരണമെങ്കിൽ ഒരു ഹിന്ദുവിന്റെ മകനായതുകൊണ്ട് ഒരുവൻ ഹിന്ദുവായിത്തീരുന്നു എന്നുള്ള ഗണന വിട്ട്, ഹിന്ദുമതം വിശ്വസിച്ചവനായതുകൊണ്ട് അവൻ ഹിന്ദുവായിത്തീരുന്നുവെന്നുള്ള അവസ്ഥ വരണം. ഇന്ത്യയിൽ 26 കോടി ഹിന്ദുക്കളുണ്ട്. അവരിൽ എത്രപേർക്കു ഹിന്ദുമതത്തിലെ അദ്ധ്യാത്മോപദേശങ്ങളെപ്പറ്റി അറിവുണ്ട്? എങ്കിലും മതബോധം ലേശമില്ലാത്ത ജനങ്ങളെകൂടി കണക്കാക്കി ഹിന്ദുക്കളുടെ സംഖ്യ നിർണ്ണയിക്കുകയും അറിവില്ലായ്മമൂലം അവർ കാണിക്കുന്ന ഗോഷ്ഠികൾകൂടി ഹിന്ദുക്കളുടെ മതമാണെന്നു ഗണിക്കുകയും ചെയ്തുകൊണ്ട് ഹിന്ദുമതം ദുഷിച്ചുപോയി എന്ന് എല്ലാവരുടേയും നിലവിളിക്കു നിദാനമായ ദോഷകോപം എത്രയും വ്യക്തമാണ്. ഓരോ മതത്തിന്റെയും പേരുംപറഞ്ഞു നടക്കുന്നവരിൽ ഭൂരിഭാഗവും അവരുടെ വലിയച്ഛന്റെ മതത്തിന്റെ പേര് പറയുകയല്ലാതെ തങ്ങളുടെ മതത്തിന്റെ പേര് പറയുകയല്ല ചെയ്യുന്നത്. ആത്മജ്ഞാന വർധനയ്ക്കു അദ്ധ്വാനിക്കേണ്ട മതോപദേഷ്ടാക്കന്മാർ അവരുടെ ബുദ്ധിയേയും ശക്തിയേയും ധനത്തേയും സമുദായസാമ്രാജ്യം വിപുലമാക്കാനുള്ള അധ്വാനത്തിൽ വിനിയോഗിച്ചതിന്റെ അനിഷ്ടഫലമാണ് നാം ഇന്നു കാണുന്നത്..

ഇതിന് നിവാരണോപായം ഒന്നേയുള്ളു. ലോകത്തിൽ ഇതേവരെയുണ്ടായിട്ടുള്ള മതങ്ങളിൽവച്ച് ഏറ്റവും ശ്രേഷ്ഠം ഏതെന്നു രാമനുവേണ്ടി കൃഷ്ണൻ തീരുമാനിക്കുന്ന സമ്പ്രദായം ഉപേക്ഷിച്ച് ഭിന്നമതങ്ങൾ പഠിച്ചറിഞ്ഞശേഷം രാമനുവേണ്ടി രാമനും കൃഷ്ണനുവേണ്ടി കൃഷ്ണനും തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം രാമകൃഷ്ണന്മാർക്ക് നൽകണം. എന്നാൽ രാമകൃഷ്ണന്മാർക്ക് ഈ തീരുമാനം വിവേകപൂർവ്വം ചെയ്യുന്നതിനുള്ള പൂർണ്ണമായ സൗകര്യം നാം ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്; എല്ലാ മതങ്ങളും എല്ലാവർക്കും പഠിക്കുവാനുള്ള സ്ഥാപനങ്ങളെ ഉണ്ടാക്കുകയും ഓരോ മതത്തിലും പ്രത്യേക വിദഗ്ദ്ധതയുള്ളവരെ അതാതുമതം വെളിപ്പെടുത്തുന്ന അദ്ധ്യാത്മതത്വങ്ങളേയും മുക്തിമാർഗ്ഗത്തെയും വിശദീകരിച്ചുകൊടുക്കുന്ന ഉപദേഷ്ടാക്കന്മാരായി നിയോഗിക്കുകയും വേണം. ഈ അഭിപ്രായം ശ്രീനാരായണപരമഹംസർക്ക് വളരെനാൾ മുമ്പേ ഉണ്ടായിരുന്നതാണെങ്കിലും അതിനെ പരസ്യമായി പ്രഖ്യാപനം ചെയ്യുന്നതിനുള്ള ഒരു സമുചിത സന്ദർഭത്തെ അവിടുന്നു പ്രതീക്ഷിച്ചിരിക്കയായിരുന്നു.

'വാദിക്കാനും ജയിക്കാനുമല്ല. അറിയാനും അറിയിക്കാനുമാണ്' ഈ സമ്മേളനമെന്നു ഞങ്ങൾ വിജ്ഞാപനം ചെയ്തിരിക്കുന്നത് എന്തുകൊണ്ടെന്ന് മഹാജനങ്ങൾക്കിപ്പോൾ വിശദമായെന്നു വിശ്വസിക്കുന്നു."

●



# ശ്രീനാരായണ ഗുരു

അറിവിന്റെ മഹാപ്രകാശത്തിലേക്ക് ഒരു ജനതയെ നയിച്ച ശ്രീനാരായണ ഗുരു 1856 ആഗസ്റ്റ് 26 ന് മാടനാശാന്റേയും കുട്ടിയമ്മയുടെയും പുത്രനായി തിരുവനന്തപുരത്തുള്ള ചെമ്പഴന്തിയിൽ ജനിച്ചു. സവർണ, അവർണ വിവേചനം കൊടികുത്തി വാണകാലത്ത് തീണ്ടൽ, തൊടിൽ എന്നീ പേരുകളിൽ അറിയപ്പെട്ട അയിത്താചാരങ്ങൾ സമുദായ ശരീരത്തിന് ഏറ്റ മഹാരോഗമാണെന്ന് ശ്രീ നാരായണ ഗുരു മനസ്സിലാക്കി. അതിനുള്ള പ്രതിവിധിയും അദ്ദേഹത്തിന്റെ മനസ്സിൽ തെളിഞ്ഞു. 1888 ൽ ഒരുശിലാഖണ്ഡം എടുത്ത്, പീഠത്തിൽ പ്രതിഷ്ഠിച്ച് ശിലയെ അഭിഷേകം ചെയ്തു. അവകാശമില്ലാത്ത വ്യക്തി നടത്തുന്ന ആദ്യത്തെ ക്ഷേത്രപ്രതിഷ്ഠ. നൂറ്റാണ്ടുകളായി

ഇവിടെ തേർവാഴ്ച നടത്തിപ്പോന്ന ജാതിവ്യവസ്ഥയുടെ നട്ടെല്ലൊടിക്കുന്ന പ്രവൃത്തിയായിരുന്നു. നദീതീരത്തുള്ള ഒരു പാറയെ പീഠമായി സങ്കല്പിച്ചു, ആറ്റിൽനിന്നൊരു ശിലാഖണ്ഡമെടുത്ത് 1888-ലെ ശിവരാത്രിദിവസമാണ് ഗുരു പ്രതിഷ്ഠ നടത്തിയത്. നാം പ്രതിഷ്ഠിച്ചത് നമ്മുടെ ശിവനെയാണെന്നു പ്രഖ്യാപിച്ചുകൊണ്ട് ജാതിവ്യവസ്ഥയെ വെല്ലുവിളിക്കുകയായിരുന്നു അദ്ദേഹം.

ഓരോ ക്ഷേത്രവും ജനങ്ങളുടെ സാംസ്കാരിക പ്രവർത്തനങ്ങളുടെ കേന്ദ്രമായിരിക്കണമെന്ന് നാരായണഗുരു അഭിപ്രായപ്പെട്ടു. പ്രധാനദേവാലയം വിദ്യാലയം തന്നെയാകണം എന്ന് അദ്ദേഹം പറഞ്ഞു. ഗുരുദേവൻ സ്ഥാപിച്ച ക്ഷേത്രങ്ങളോടു ബന്ധപ്പെട്ട് വിദ്യാലയങ്ങൾ, പണിപ്പുരകൾ, വ്യവസായം, കൃഷി മുതലായവയ്ക്കു സൗകര്യമൊരുക്കി. കേരളത്തിലെ ആദ്യത്തെ വ്യവസായപ്രദർശനം അദ്ദേഹത്തിന്റെ ആഭിമുഖ്യത്തിലാണ് നടത്തിയതെന്നത് കൗതുകകരമാണ്.

•



# മതമൈത്രിയുടെ മഹാസന്ദേശം

## ആലുവ സർവമതസമ്മേളനം ലഘുചരിത്രം

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

Printed and Published by T V Subhash IAS, Director, Information Public Relations Department on behalf of Government of Kerala
and Printed at Kerala Books and Publications Society, kochi-30.
Published from Information Public Relations Department, Govt. of Kerala
Government Secretariat, Thiruvananthapuram 695001.